# റോമിലെ മെത്രാൻ സിനഡ്: ഒരു വിവരണം

രണ്ടാം വത്തിക്കാൻ കൗൺസിലിനു തൊട്ടുപിന്നാലെ, കൗൺസിലിന്റെ അനുഭവത്തിൽനിന്നു പ്രചോദനമുൾക്കൊണ്ട് 1965ൽ വി. പോൾ ആറാമൻ മാർപാപ്പയാണു മെത്രാന്മാരുടെ സിനഡു സ്ഥാപിച്ചത്. സഭയുടെ ജീവിതത്തിലെ സവിശേഷവും അതുല്യവുമായ നിമിഷമാണിത്. സാർവത്രികസഭയുടെ ഭരണത്തിൽ റോമിന്റെ മെത്രാനായ മാർപാപ്പയെ സഹായിക്കാനാണു സിനഡിൽ മെത്രാന്മാർ ഒത്തുകൂടുന്നത്.

**മെത്രാന്മാരുടെ സിനഡിന്റെ ദൗത്യം:** പ്രാദേശികസഭകളിൽനിന്ന് ഓരോ പ്രത്യേക വിഷയത്തെയുംകുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ഒരു മാർഗമാണു സിനഡ്. പരിശുദ്ധ പിതാവിന് ഉപദേശം നൽകുക എന്നതാണു സിനഡിന്റെ ദൗത്യം. തന്റെ മുൻഗാമിയായ പോൾ ആറാമൻ പറഞ്ഞ കാര്യം ആവർത്തിച്ച ഫ്രാൻസിസ് മാർപാപ്പ, 'പരിശുദ്ധാത്മാവിന്റെ പ്രചോദനമനുസരിച്ചു വിവിധ സഭാപരമായ ചോദ്യങ്ങളിൽ പരിശുദ്ധ പിതാവിനു വിവരങ്ങളും ഉപദേശങ്ങളും നൽകുന്ന ഒരു കൂടിയാലോചനാപരമായ പങ്ക്' സിനഡിനുണ്ടെന്നു പ്രസ്താവിച്ചു. കൂടാതെ, മെത്രാന്മാരുടെ സിനഡിന്റെ ദൗത്യം പ്രാഥമികമായി 'ദൈവജനത്തെ ശ്രവിക്കുക' എന്നതാണ്. അതിനാൽ, ദൈവജനത്തിനുമുഴുവൻ ശബ്ദം നൽകുന്നതിന് അനുയോജ്യമായ ഉപകരണമാണു സിനഡ്.

**സിനഡിന്റെ മൂന്നു രൂപങ്ങൾ:** 1) ഓർഡിനറി ജനറൽ അസംബ്ലി (സാധാരണ പൊതുസമ്മേളനം): സാർവത്രികസഭയുടെ നന്മയുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ചു ചിന്തിക്കുന്നതിനാണ് ഇത്തരത്തിലുള്ള സമ്മേളനം വിളിച്ചുകൂട്ടുന്നത്. ഇന്നുവരെ പതിനഞ്ച് ഓർഡിനറി ജനറൽ അസംബ്ലികൾ ഉണ്ടായിട്ടുണ്ട്. അതിൽ അവസാനത്തേത് 2018 ഒക്ടോബറിൽ നടന്ന 'യുവജനങ്ങൾ, വിശ്വാസം, ദൈവവിളിയുടെ വിവേചനാധികാരം' എന്നിവയെക്കുറിച്ചുള്ള സിനഡാണ്. 2) എക്സ്ട്രാ ഓർഡിനറി ജനറൽ അസംബ്ലി (അസാധാരണമായ പൊതുസമ്മേളനം): അതിന്റെ പേരു സൂചിപ്പിക്കുന്നതുപോലെ, ഇത്തരത്തിലുള്ള സമ്മേളനം സിനഡിന്റെ പൊതുനിയമത്തിന് ഒരു അപവാദമാണ്. അടിയന്തര പരിഗണന ആവശ്യമുള്ള, സാർവത്രികസഭയുടെ നന്മയുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ചു ചിന്തിക്കുന്നതിനാണ് ഇത് വിളിച്ചുകൂട്ടുന്നത്. ഇന്നുവരെ, മൂന്ന് അസാധാരണ ജനറൽ അസംബ്ലികൾ ഉണ്ടായിട്ടുണ്ട്. അതിൽ അവസാനത്തേത് 2014ൽ നടന്ന കുടുംബത്തെക്കുറിച്ചുള്ള സിനഡിന്റെ ആദ്യ സെഷനാണ്. 3) സ്പെഷ്യൽ അസംബ്ലി (പ്രത്യേക സമ്മേളനം): പ്രധാനമായും ഒന്നോ അതിലധികമോ പ്രത്യേക ഭൂമിശാസ്ത്രപരമായ പ്രദേശങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇത്തരത്തിലുള്ള സിനഡിൽ ചർച്ചചെയ്യുന്നു. ഇന്നുവരെ 10 പ്രത്യേക അസംബ്ലികൾ ഉണ്ടായിട്ടുണ്ട്. 2019 ലെ പാൻ-ആമസോൺ മേഖലയെക്കുറിച്ചുള്ള സിനഡ് ഈ വിഭാഗത്തിൽപെട്ടതാണ്.

**സിനഡുസമ്മേളനത്തിന്റെ മൂന്നു ഘട്ടങ്ങൾ:** ഓരോ സിനഡു സമ്മേളനവും മൂന്നു ഘട്ടങ്ങളിലൂടെയാണു നടത്തപ്പെടുന്നത്. ആദ്യത്തേതു തയ്യാറെടുപ്പുഘട്ടമാണ്. മാർപ്പാപ്പ തിരഞ്ഞെടുത്ത വിഷയത്തെക്കുറിച്ചുള്ള ദൈവജനങ്ങളുടെ കൂടിയാലോചനയാണ് ഇതിൽ പ്രാഥമികമായി ഉൾക്കൊള്ളുന്നത്. ഇത് ഓരോ രൂപതാതലത്തിലും, മേജർ ആർക്കിഎപ്പിസ്കോപ്പൽ സിനഡൽ തലത്തിലും, ഓരോ ഭൂഖണ്ഡതലത്തിലും നടത്തപ്പെടുന്നു. രണ്ടാമത്തേതു ചർച്ചാഘട്ടമാണ്. സിനഡിലെ അംഗങ്ങൾ, വിവിധ മേഖലകളിലെ വിദഗ്ധർ, ഓഡിറ്റർമാർ, മറ്റു വ്യക്തികൾ എന്നിവരാണു റോമിൽ നടക്കുന്ന സിനഡുസമ്മേളനത്തിൽ പങ്കെടുക്കാൻ ക്ഷണിക്കപ്പെടുന്ന അംഗങ്ങൾ. സിനഡുസമ്മേളനം ആരംഭിക്കുന്നതും അവസാനിക്കുന്നതും മാർപാപ്പ അർപ്പിക്കുന്ന പരിശുദ്ധ കുർബാനയോടെയാണ്. ജനറൽ അസംബ്ലിയിൽ എല്ലാവരും പങ്കെടുക്കുമ്പോൾ നടത്തു

ന്ന ഇടപെടലുകളിലൂടെയും ഭാഷാഗ്രൂപ്പുകൾക്കുള്ളിലെ സംഭാഷണങ്ങളിലൂടെയും സിനഡു വിഷയത്തിന്റെ ചർച്ച നടക്കുന്നു. ഈ ചർച്ചകൾ സിനഡിന്റെ അന്തിമരേഖ തയ്യാറാക്കാനുള്ള കമ്മീഷനു സഹായകരമാണ്. അന്തിമരേഖ സിനഡിലെ അംഗങ്ങൾ വോട്ടുചെയ്തു അംഗീകരിച്ചു കഴിഞ്ഞാൽ, അതു മാർപ്പാപ്പയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. സിനഡിന്റെ അവസാന ഘട്ടം നടപ്പാക്കൽഘട്ടമാണ്. സാർവത്രികതലത്തിലും മെത്രാന്മാരുടെ സഹകരണത്തോടെ രൂപതാതലങ്ങളിലുമാണ് സിനഡ് തീരുമാനങ്ങൾ നടപ്പിലാക്കുന്നത്.

**സിനഡിനുശേഷമുള്ള അപ്പസ്തോലിക പ്രബോധനം:** സിനഡിന്റെ നിലനിൽപ്പുതന്നെ പരിശുദ്ധ പിതാവിന്റെയും അദ്ദേഹത്തിന്റെ സാർവത്രികശുശ്രൂഷയുടെയും സേവനത്തിലാണ് എന്നതിനാൽ അവസാനവാക്കു പരിശുദ്ധ പിതാവിന്റേത് ആയിരിക്കുക എന്നത് ഉചിതമാണ്. ഓരോ മാർപാപ്പയും സിനഡിന്റെ വിവിധ ഘട്ടങ്ങളിലൂടെ സമർപ്പിക്കപ്പെട്ട ഉള്ളടക്കം സ്വാംശീകരിക്കുകയും അതിൽനിന്നു സഭാത്മകജീവിതത്തിനായി നിഗമനങ്ങളിൽ എത്തിച്ചേരുകയും ചെയ്യുന്നു.

**2023 ലെ മെത്രാന്മാരുടെ സിനഡിന്റെ പതിനാറാമതു ജനറൽ അസംബ്ലിയുടെ വിഷയം** 'ഒരുമിച്ചു യാത്ര ചെയ്യുന്ന സഭക്കുവേണ്ടി: കൂട്ടായ്മ, പങ്കാളിത്തം, ദൗത്യം' എന്നതാണ്. ഒരുമിച്ചു യാത്രചെയ്യുന്ന ഒരു സഭയാണോ എന്നതാണു ചർച്ചകൾക്ക് വിഷയമാകുന്നത്.

**പതിനാറാമതു ജനറൽ അസംബ്ലി** മൂന്ന് ഘട്ടങ്ങളായി നടക്കും: 1. സെപ്റ്റംബർ 30 ന് സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ എക്യുമെനിക്കൽ വിജിൽ. 2. സെപ്റ്റംബർ 30 വൈകുന്നേരംമുതൽ ഒക്ടോബർ 3 വരെ ജനറൽ അസംബ്ലിയിൽ പങ്കെടുക്കുന്നവർക്കുള്ള ധ്യാനം. 3. ഒക്ടോബർ 4 മുതൽ 29 വരെ: വത്തിക്കാനിൽ സിനഡുസമ്മേളനം.

**സീറോമലബാർസിനഡിൽനിന്നു പങ്കെടുക്കുന്നവർ:** അഭിവന്ദ്യ കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവു മേജർ ആർച്ച്ബിഷപ് എന്ന നിലയിൽ പങ്കെടുക്കും. ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി എന്നിവരാണു സീറോമലബാർ സിനഡു തിരഞ്ഞെടുത്ത മറ്റു രണ്ട് അംഗങ്ങൾ.

**മരിയൻ പ്രാർത്ഥനാദിനം:** മെത്രാന്മാരുടെ സിനഡിന്റെ ആസന്നമായ ജനറൽ അസംബ്ലിക്കു ഒരുക്കമായി, 2023 മെയ് 31 ബുധനാഴ്ച കത്തോലിക്കാസഭയിലാകെ മരിയൻ പ്രാർത്ഥനാദിനം സംഘടിപ്പിക്കാൻ റോമിലെ ബിഷപ്പുമാരുടെ സിനഡിന്റെ സെക്രട്ടറിയേറ്റ് അഭ്യർത്ഥിച്ചിട്ടുണ്ട്. പരിശുദ്ധ അമ്മയുടെ സന്ദർശനതിരുനാളും മരിയൻ മാസത്തിന്റെ സമാപനവുമാണ് ആ ദിവസം. സീറോമലബാർസഭയിൽ, നമ്മുടെ എല്ലാ ദൈവാലയങ്ങളിലും, മാതാവിന്റെ നാമത്തിലുള്ള എല്ലാ ദൈവാലയങ്ങളിലും കൂടുതൽ ആഘോഷത്തോടെയും, 2023 മെയ് 31 ന് മരിയൻ പ്രാർത്ഥനാദിനമായി ആചരിക്കുന്നു.

**മരിയൻ പ്രാർഥനാദിനാഘോഷത്തിന്റെ ലക്ഷ്യങ്ങൾ:** 1). നടന്നുകൊണ്ടിരിക്കുന്ന സിനഡൽ പ്രക്രിയയുടെ പ്രാധാന്യത്തെക്കുറിച്ചു ദൈവജനത്തെ ബോധവാന്മാരാക്കുകയും വിശ്വാസികളുടെ പ്രാർത്ഥനാസഹായം തേടുകയും ചെയ്യുക; 2). സഭയുടെ മുഴുവൻ സിനഡൽ പ്രക്രിയയും പ്രത്യേകിച്ചു മെത്രാന്മാരുടെ സിനഡിന്റെ ജനറൽ അസംബ്ലിയുടെ പ്രവർത്തനങ്ങളും, പരിശുദ്ധ അമ്മയുടെ പ്രത്യേക സംരക്ഷണത്തിനു ഭരമേല്പിക്കുക; 3). സഭയിൽ വിവിധ വിളി സ്വീകരിച്ചിരിക്കുന്നവരുടെ (അല്മായർ, പുരോഹിതർ, സമർപ്പിതർ) പങ്കാളിത്തം ഉറപ്പാക്കുക.

റോമിൽ സെപ്റ്റംബർ 30 മുതൽ ഒക്ടോബർ 29 വരെ റോമിൽ നടത്തപ്പെടുന്ന മെത്രാന്മാരുടെ സിനഡിന്റെ പതിനാറാമതു ജനറൽ അസംബ്ലിയുടെ വിജയത്തിനായി സാർവത്രികസഭയുടെ ഐക്യത്തിൽ, നമുക്കു പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യം തേടാം.